# കൃഷി വിജ്ഞാന കേന്ദ്രം – ആലപ്പുഴ

## ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം – 690 533, കേരളം

Vol. 15 (3)
വാല്യം 15 (3)

# വാർത്താപത്രിക
NEWSLETTER

JULY-SEPTEMBER 2017
ജൂലൈ – സെപ്റ്റംബർ 2017





- കമ്പനി ഉദ്ഘാടനം,
- Sankalp se Sidhi
- ബോധവത്കരണ സെമിനാർ
- കൃഷിയിട പാഠശാല
- ലോക തേനീച്ചദിനം
- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ


കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ ഈ QR CODE സ്കാൻ ചെയ്യു.


കെ. വി.കെ.യുമായി ബന്ധപ്പെടാൻ...

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ/ഫാക്സ്: 0479 2449268.

Email: kvkalapuzha@gmail.com
www.kvkalappuzha.org


# ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദക കമ്പനിയുടെ ഉദ്ഘാടനം






കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഭരണിക്കാവ് ബ്ലോക്ക് കേന്ദ്രീകരിച്ച് ഇരുനൂറിലധികം കർഷകർ ഓഹരി ഉടമകളായി രൂപീകരിച്ച ഓണാട്ടുകര സുഗന്ധവ്യഞ്ജന കർഷക ഉത്പാദക കമ്പനിയുടെ ഉദ്ഘാടനം ബഹു. കേരള സംസ്ഥാന പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പു മന്ത്രി ശ്രീ. ജി. സുധാകരൻ 21-07-2017ന് കറ്റാനത്ത് നിർഹിച്ചു. കൃഷിയുടെ കമ്പോളവത്കരണത്തെ ചെറുക്കാൻ കർഷക കൂട്ടായ്മകൾക്ക് കഴിയണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തദവസരത്തിൽ കമ്പനിയുടെ ഉത്പന്നങ്ങളായ മഞ്ഞൾപ്പൊടി, കുരുമുളക് എന്നിവയുടെ ആദ്യവിൽപനയും, "ഇഞ്ചി-മഞ്ഞൾ കൃഷിയും സംസ്കരണവും" എന്ന കൈപ്പുസ്തകത്തിന്റെ പ്രകാശനവും ബഹു. മന്ത്രി നിർവ്വഹിച്ചു. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. വി. വാസുദേവൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.വി.കെ മേധാവി ഡോ. പി.മുരളീധരൻ ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദക കമ്പനിയുടെ ലക്ഷ്യത്തെയും പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിച്ചു. സുഗന്ധവ്യഞ്ജന വിളകളായ മഞ്ഞൾ, ഇഞ്ചി, കുരുമുളക്, കുടമ്പുളി തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ, കൃഷി, സംഭരണം, സംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങളിലൂടെ ഉത്പാദകരായ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് കമ്പനിയുടെ പ്രവർത്തന ലക്ഷ്യം. നബാർഡ് ചീഫ് ജനറൽ മാനേജർ ശ്രീ. സി. സുന്ദർ ഓഹരി ഉടമകൾക്കുള്ള ഓഹരി പത്രം വിതരണം ചെയ്തു. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും കമ്പനിയുടെ മാനേജിംഗ് ഡയറക്ടറുമായ ശ്രീമതി. രജിനി ജയദേവ്, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ.വി. കൃഷ്ണകുമാർ, കെ.വി.കെ. എസ്.എം.എസ്., ശ്രീ. രാജീവ് എം.എസ്. എന്നിവർ ചടങ്ങിൽ പങ്കെടുത്ത ഓഹരി ഉടമകളായ ഇരുനൂറോളം കർഷകരെ അഭിസംബോധന ചെയ്തു. കമ്പനിയുടെ പ്രവർത്തന പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീ. പി. അശോകൻ നായർ (നൂറനാട്), ശ്രീമതി. ഓമന വിജയൻ (പാലമേൽ), ശ്രീമതി. വി. ഗീത (താമരക്കുളം), ശ്രീമതി ശാന്താ ഗോപാലകൃഷ്ണൻ (ചുനക്കര), ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി. ശ്രീജാകുമാരി, നബാർഡ് ഡി.ഡി.എം. ശ്രീ രഘുനാഥൻ പിള്ള എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

കർഷകരിൽ നിന്നും ശേഖരിച്ച മഞ്ഞൾ ഉപയോഗിച്ചു കൊണ്ട് ശുദ്ധവും ഗുണമേന്മയുള്ളതും കുർക്കുമിൻ നീക്കം ചെയ്യാത്തതുമായ മഞ്ഞൾപ്പൊടി "ഓണാട്ടുകര സ്പൈസസ്"എന്ന ബ്രാൻഡ് നാമത്തിൽ വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രാരംഭത്തിൽ ഭരണിക്കാവ് ബ്ലോക്കിലെ 6 പഞ്ചായത്തുകളിൽ പ്രവർത്തനം കേന്ദ്രീകരിച്ച് പിന്നീട് ജില്ലയിൽ മുഴുവൻ പ്രവർത്തനം വ്യാപിപ്പിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

# നിശ്ചയ ദാർഢ്യത്തിലൂടെ ഫലപ്രാപ്തിയിലേക്ക് (Sankalp se Sidhi)

## ▪ കാർഷിക സെമിനാറും കർഷക പ്രതിജ്ഞയും സംഘടിപ്പിച്ചു





കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത "നിശ്ചയ ദാർഢ്യത്തിലൂടെ ഫലപ്രാപ്തിയിലേക്ക്" (Sankalp Se Sidhi) - നവഭാരത മുന്നേറ്റം (New India Movement 2017-2022) എന്ന പ്രചരണ പരിപാടിയുടെ ഭാഗമായി ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 29-08-2017ന് കാർഷിക സെമിനാറും കർഷക പ്രതിജ്ഞയും സംഘടിപ്പിച്ചു. അഞ്ച് വർഷം കൊണ്ട് കർഷകരുടെ വരുമാനം ഇരട്ടിയാക്കാനുള്ള ഏഴിന കർമ്മ പദ്ധതികളുടെ പ്രചാരണമാണ് ഇതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. മാറുന്ന ജീവിത സാഹചര്യത്തിൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും സർക്കാർ പദ്ധതികൾ കാലാനുസൃതമായി നടപ്പിലാക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും പരിപാടി ഉദ്ഘാടനം ചെയ്ത കായംകുളം മുനിസിപ്പൽ കൗൺസിലർ ശ്രീ. കെ.കെ. അനിൽകുമാർ എടുത്തു പറഞ്ഞു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആലപ്പുഴ ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീ. അലക്സ്. സി മാത്യു കാർഷിക വികസന പദ്ധതികളെ വിശദീകരിച്ചുകൊണ്ട് മുഖ്യപ്രഭാഷണം നടത്തി. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ കർമ്മ പദ്ധതി നടപ്പിലാക്കാൻ കർഷകരുടെ കൂട്ടായ്മയും പൂർണ്ണമായ സഹകരണവും അത്യാവശ്യമാണെന്ന് പ്രഭാഷകൻ അഭിപ്രായപ്പെട്ടു. ചടങ്ങിൽ കൃഷി വിജ്ഞാനകേന്ദ്രം വാർത്താ പത്രികയുടെ പ്രകാശനം കായംകുളം മുനിസിപ്പൽ കൗൺസിലർ നിർവ്വഹിച്ചു. നവഭാരത മുന്നേറ്റം കൈവരിക്കുന്നതിനുള്ള കർഷക പ്രതിജ്ഞയ്ക്ക് കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പി.കെ. അനിൽകുമാർ നേതൃത്വം നൽകി. പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച "സംയോജിത കൃഷിയിലൂടെ കാർഷിക വരുമാനം വർദ്ധിപ്പിൽ" എന്ന വിഷയത്തിൽ കേരള കാർഷിക സർവ്വകലാശാല (റിട്ട) പ്രൊഫസർ ഡോ. പി.എസ്.ജോൺ കേരളത്തിന് യോജിച്ച സംയോജിത കൃഷി മാതൃകകളെക്കുറിച്ചും കാർഷിക വരുമാനം വർദ്ധിപ്പിക്കാനുള്ള പരിപാലന മുറകളെക്കുറിച്ചും ക്ലാസ് നയിക്കുകയും കർഷകരുമായി സംവദിക്കുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ ഏഴിന കർമ്മ പദ്ധതികളായ പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, മണ്ണ് പോഷണകാർഡ് അടിസ്ഥാനമാക്കിയുള്ള സംയോജിത വളപ്രയോഗം, വിളവെടുപ്പാനന്തര സംഭരണ ശാലയുടെ ആവശ്യകത, മൂല്യവർദ്ധനവിന് ഭക്ഷ്യസംസ്കരണം, മെച്ചപ്പെട്ട വിപണന സാദ്ധ്യത, വിള ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കൽ, കാർഷിക അനുബന്ധ സംരംഭങ്ങൾ ഉൾപ്പെടുത്തിയ കൃഷി രീതിയുടെ വ്യാപനം എന്നിവ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ കർഷകർക്ക് വിശദീകരിച്ചു.

200 ഓളം കർഷകർ പങ്കെടുത്ത ചടങ്ങിനോടനുബന്ധിച്ച് കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനായി കെ.വി.കെ ഒരുക്കിയ കാർഷിക പ്രദർശനത്തിൽ പത്തോളം സംരംഭകരുടെ സ്റ്റാളുകളും ഉണ്ടായിരുന്നു.

# സസ്യ ഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും

## ▪ ബോധവത്കരണ സെമിനാർ






കേന്ദ്ര സർക്കാരിനു കീഴിലുള്ള പി.പി.വി. ആന്റ് എഫ്.ആർ. അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ "സസ്യ ഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും" എന്ന വിഷയത്തെക്കുറിച്ചുള്ള ബോധവത്കരണ സെമിനാർ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കറ്റാനത്ത് 21-07-17ന് സംഘടിപ്പിച്ചു. കാർഷിക വിളകളുടെ ഇനങ്ങളിൽ കർഷകർക്കും സസ്യപ്രജനനം നടത്തുന്നവർക്കുമുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പുതിയ ഇനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനുമുള്ള പ്രോത്സാഹനം നൽകുന്നതിനുമായി ഭാരതസർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന നിയമമാണ് സസ്യ ഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും (PPV&FR Act 2001) കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം ഡയറക്ടർ



ഡോ.ജിജു.പി. അലക്സ് സെമിനാർ ഉദ്ഘാടനം ചെയ്തു. സസ്യ ഇനങ്ങളുടെ സംരക്ഷണത്തിന്റെ അനിവാര്യതയും വിത്തു മുതൽ വിപണി വരെയുള്ള ക്രയവിക്രയങ്ങളിൽ കർഷകരുടെ സജീവ പങ്കാളിത്തത്തിന്റെ ആവശ്യകതയും അദ്ദേഹം വിശദീകരിച്ചു. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രജനി ജയദേവ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സി.പി.സി.ആർ.ഐ. കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി.കൃഷ്ണകുമാർ, കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ എന്നിവർ സസ്യ ഇനങ്ങളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് കർഷകരോട് സംസാരിച്ചു. കേന്ദ്രസർക്കാരിന്റെ സസ്യ ജനിതക സംരക്ഷണ അവാർഡ് കരസ്ഥമാക്കിയ ശ്രീ. കെ. നരേന്ദ്രനെ തദവസരത്തിൽ ആദരിച്ചു.

സസ്യ ഇനങ്ങളുടെ സംരക്ഷണത്തെയും കർഷകരുടെ അവകാശത്തെയും ആസ്പദമാക്കി കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം കായംകുളം പ്രാദേശിക കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. റെജി ജേക്കബ് തോമസ് സംസാരിച്ചു. തുടർന്ന് ശാസ്ത്രീയ മഞ്ഞൾ കൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ച് കോഴിക്കോട് കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ സയന്റിസ്റ്റ് ഡോ. ലിജോ തോമസ് ക്ലാസ്സ് നയിച്ചു.

# തൈ തെങ്ങുകളുടെ സംയോജിത വിള പരിപാലനമുറകളെക്കുറിച്ചുള്ള കൃഷിയിട പാഠശാല







മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ കോർത്തുശ്ശേരിൽ നാളികേര ഉത്പാദക സൊസൈറ്റിയുടെ സഹകരണത്തോടെ തൈ തെങ്ങുകളുടെ സംയോജിത വിളപരിപാലന മുറകളെക്കുറിച്ചുള്ള കൃഷിയിട പാഠശാല 2017 ജനുവരി മുതൽ ജൂലൈ വരെയുള്ള ഏഴുമാസക്കാലയളവിൽ സംഘടിപ്പിക്കുകയുണ്ടായി. ഗുണമേന്മയുള്ള തെങ്ങിൻതൈ തെരഞ്ഞെടുക്കുന്നതു മുതൽ വിളവെടുക്കുന്നതു വരെയുള്ള ഘട്ടങ്ങളിൽ തുടരേണ്ട സംയോജിത പരിപാലന മുറകളെക്കുറിച്ചുള്ള പങ്കാളിത്ത പരിശീലനവും വിലയിരുത്തലും പ്രവർത്തി പരിചയ ക്ലാസ്സുകൾ, മെത്തേഡ് ഡെമോൺസ്ട്രേഷൻ തുടങ്ങിയവയും കൃഷിയിട പാഠശാലയോടനുബന്ധിച്ച് സംഘടിപ്പിച്ചു. വനിതകളുൾപ്പെടെ 25 ഓളം തെരഞ്ഞെടുക്കപ്പെട്ട കർഷകരാണ് പാഠശാലയിൽ പങ്കെടുത്തത്. കൃഷിയിട പാഠശാലയുടെ സമാപന സമ്മേളനം 22-07-17ന് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ജയമോഹൻ ഉദ്ഘാടനം ചെയ്തു. കോർത്തുശ്ശേരി നാളികേര ഉത്പാദക സൊസൈറ്റി പ്രസിഡന്റ് ശ്രീ. ടി.കെ. സുരേഷ്കുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ.പി. മുരളീധരൻ, കലവൂർ നാളികേര ഉത്പാദക ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. ആർ.ഡി. സുബ്രഹ്മണ്യൻ എന്നിവർ സംസാരിച്ചു. പാഠശാലയ്ക്ക് നേതൃത്വം നൽകിയ ഡോ. ടി. ശിവകുമാർ, ഏഴുമാസത്തോളം നീണ്ട പരിപാടിയുടെ വിശദാംശങ്ങളും നേട്ടങ്ങളും അവലോകനം ചെയ്തു. പങ്കാളികളായ കർഷകർ കൃഷിയിട പാഠശാലയിൽ നിന്നും ലഭിച്ച നൂതനവും പ്രചോദന പ്രദവുമായ അറിവുകളും അനുഭവങ്ങളും ആവേശപൂർവ്വം പങ്കുവെച്ചു. പരിപാടിയിൽ അതീവമായ സംതൃപ്തി അറിയിച്ച കർഷകർ ഇത് മറ്റു നാളികേര ഉത്പാദക സൊസൈറ്റികളിലേക്ക് വ്യാപിപ്പിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

## ലോക തേനീച്ച ദിനം ആചരിച്ചു

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെയും കായംകുളം എം.എസ്.എം കോളേജിലെ സുവോളജി വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ലോക തേനീച്ചദിനം ആചരിച്ചു. തേനീച്ച വളർത്തലിന്റെ സാധ്യതകളും നേട്ടങ്ങളും വിവരിക്കുന്ന പ്രഭാഷണവും തേനീച്ചകളെക്കുറിച്ചുള്ള പ്രശ്നോത്തരിയും കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. ടി. ശിവകുമാർ നടത്തി. ബോട്ടണി വിഭാഗത്തിലെ കുമാരി. സമീന സവദ്, കുമാരി. ആർഷിയ. എസ് എന്നീ ബിരുദ വിദ്യാർത്ഥിനികൾ പ്രശ്നോത്തരിയിൽ ഒന്നാം സ്ഥാനം പങ്കിട്ടു. കെ.വി.കെ മേധാവി ഡോ. പി. മുരളീധരൻ സമ്മാനദാനം നിർവ്വ ഹിച്ചു. 125 ഓളം വിദ്യാർത്ഥികൾ പങ്കെടുത്ത ചടങ്ങിൽ എം.എസ്.എം കോളേജ് പ്രിൻസിപ്പാൾ ഡോ. എ. ബഷീർ, സുവോളജി വിഭാഗം മേധാവി ഡോ. ആമിന. എസ് എന്നിവർ സന്നിഹിതരായിരുന്നു.



വാർത്താപത്രിക
NEWSLETTER
PAGE 4
JULY-SEPTEMBER 2017
ജൂലൈ–സെപ്റ്റംബർ 2017
Vol. 15 (3)
വാല്യം 15 (3)

# മുട്ടാറിന്റെ തുടർച്ചയായി തലവടിയിൽ ദേശീയ പദ്ധതി

കൃഷി വിജ്ഞാനകേന്ദ്രം 2011-2017 കാലയളവിൽ മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കിയ കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശിയ പദ്ധതി (NICRA) അതിർത്തി പഞ്ചായത്തായ തലവടിയിലേക്കു കൂടി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി തലവടി പഞ്ചായത്തിലെ ജനപ്രതിനിധികളുടെയും പാടശേഖര സമിതി സെക്രട്ടറിമാരുടെയും കുടുംബശ്രീ പ്രതിനിധികളുടെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർത്ത് പദ്ധതികളുടെ വിശദാംശങ്ങളും മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കി വിജയിപ്പിച്ച കർഷക പങ്കാളിത്ത പദ്ധതികളെക്കുറിച്ചുള്ള വിശദീകരണവും നടത്തി. തുടർന്ന്, വരുന്ന സീസണിലേക്കുള്ള പരിസ്ഥിതി സൗഹാർദ്ദ നെൽകൃഷിയുടെ പ്രാരംഭ യോഗങ്ങളും വെള്ളപ്പൊക്കത്തെ അതിജീവിക്കുന്നതിന് ഗ്രോബാഗിലെ ടിഷ്യൂ കൾച്ചർ വാഴത്തൈകളുടെ കൃഷിയും പരിപാലന മുറകളും കർഷകർക്ക് പരിചിതമാക്കി നടീൽ വസ്തുക്കളും ലഭ്യമാക്കി. കൂൺകൃഷി, മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ, പോളയുടെ കമ്പോസ്റ്റിംങ്ങ് എന്നീ പ്രദർശന പരിപാടികളുടെ മുന്നോടിയായി കർഷകർക്ക് പരിശീലനങ്ങളും ആരംഭിച്ചു.



## വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

✦ കർഷക ദിനാചരണത്തിന്റെ ഭാഗമായി 17-08-17ന് മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ, തെങ്ങിന്റെ കീടരോഗ നിയന്ത്രണത്തെക്കുറിച്ച് നടത്തിയ കർഷക-ശാസ്ത്രജ്ഞ മുഖാമുഖം പരിപാടിയിൽ കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.ടി.ശിവകുമാർ 400ഓളം കർഷകരുമായി സംവദിച്ചു.

✦ഐ.സി.എ.ആർ-കെ.വി.കെ-എറണാകുളം 24-08-17ന് "സങ്കൽപ് സെ സിദ്ധി" പരിപാടിയുടെ ഭാഗമായി നടത്തിയ കൃഷി അനുബന്ധമേഖലകളിലെ സംരംഭ സാധ്യതകൾ എന്ന കർഷക ശാസ്ത്രജ്ഞ മുഖാമുഖം പരിപാടിയിൽ കെ.വി.കെ മേധാവി ഡോ.പി.മുരളീധരൻ, സബ്ജക്ട് മാറ്റർ സെപെഷ്യലിസ്റ്റ് ഡോ.എസ്.രവി എന്നിവർ 200ഓളം കർഷകരുമായി സംവദിച്ചു.

✦ആത്മ-ആലപ്പുഴ 20-09-17ന് ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച കർഷക ശാസ്ത്രജ്ഞ മുഖാമുഖം പരിപാടിയിൽ കെ.വി.കെ മേധാവി ഡോ.പി. മുരളീധരൻ, സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുമാരായ ഡോ.ടി.ശിവകുമാർ, ജി.ലേഖ എന്നിവർ പങ്കെടുത്തു.

**കാർഷിക സർവ്വകലാശാല ആർ.എ.ആർ.എസ് അമ്പലവയലിൽ 2017 ആഗസ്റ്റ് 09 മുതൽ 12 വരെ സംഘടിപ്പിച്ച അന്തർദ്ദേശിയ ചക്കമഹോത്സവത്തിൽ കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ജിസ്സി ജോർജ്ജ് പങ്കെടുക്കുകയും "പാചകത്തിന് തയ്യാറാക്കിയ പച്ചചക്കയുടെ സൂക്ഷിപ്പ് കാലം വർദ്ധിപ്പിക്കുന്നതിനുള്ള ചൂടാക്കൽ പ്രക്രീയ" എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു.**

## ▪ കാർഷിക ലേഖനങ്ങൾ

1. **ജിസ്സി ജോർജ്ജ്** 2017, ചെറുതല്ല ചെറുധാന്യങ്ങൾ, കർഷക ശ്രീ.23(7) : 96-97
2. **ജിസ്സി ജോർജ്ജ്** 2017, പപ്പായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ. കർഷക ശ്രീ : 23 (8) : 97-98
3. **ജിസ്സി ജോർജ്ജ്** 2017, ഫാഷനാവുന്ന പാഷൻ ഫ്രൂട്ട് കൃഷി. കർഷക ശ്രീ : 23 (9) : 105-106

## ▪ പരിശീലന സഹായി

രാജീവ് എം.എസ്; ലേഖ ജി; ശിവകുമാർ ടി; സജ്നാനാഥ് കെ; ജിസ്സി ജോർജ്ജ് 2017 **ഇഞ്ചി-മഞ്ഞൾ കൃഷിയും സംസ്കരണവും.** കൃഷിവിജ്ഞാനകേന്ദ്രം-ആലപ്പുഴ

## ▪ റേഡിയോ പരിപാടികൾ

✦ ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ വയലും വീടും പരിപാടിയിൽ കെ.വി.കെ നടത്തിയ **"സങ്കൽപ് സേ സിദ്ധി"** പ്രോഗ്രാമിന്റെ റേഡിയോ അവലോകനം 01-09-2017ന് പ്രക്ഷേപണം ചെയ്യുകയുണ്ടായി.

✦ ആകാശവാണിയുടെ നാട്ടറിവു പരിപാടിയിൽ തെങ്ങ് കൃഷിയിലും സസ്യസംരംക്ഷണത്തിലുമുള്ള പരമ്പരാഗത അറിവുകളെക്കുറിച്ച് കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് **ഡോ.ടി. ശിവകുമാർ** നടത്തിയ പ്രഭാഷണം 27-09-17ന് പ്രക്ഷേപണം ചെയ്തു.

✦ കൃഷി വിജ്ഞാന കേന്ദ്രത്തിന് ലഭിച്ച ദേശീയ അംഗീകാരത്തെക്കുറിച്ചും അതിന് അർഹമായ പ്രവർത്തനങ്ങളെക്കുറിച്ചും കെ.വി.കെ ഹെഡ് **ഡോ. പി. മുരളീധരനുമായി** നടത്തിയ അഭിമുഖം 30-09-17ന് വയലും വീടും പരിപാടിയിൽ പ്രക്ഷേപണം ചെയ്തു.

Printed & Published by: **Dr. P. Chowdappa**, Director, CPCRI, Kasaragod; Co-ordination&Editing: **Dr. P. Muralidharan**, Principal Scientist & Head
Design, Layout & Compilation: Jissy George & Arathy Balakrishnan. ; Technical Inputs: Rajeev M.S., Dr. T. Sivakumar., Dr. K. Sajnanath,
Dr. S. Ravi & Lekha G. Technical Assistance: Ansary K.M & Bijila P.V; Photos: E.R. Ashokan, KVK Staff